# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പൊൻമള ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ .എം.പി.എം.16/2409/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 05/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൊൻമള ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പൊൻമള ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊൻമള ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ .എം.പി.എം.16/2409/23 തീയ്യതി: 05/12/2023

## മലപ്പുറം ജില്ലയിലെ പൊൻമള ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പൊൻമള ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-01-2023 മുതൽ 18-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ചിത്രലേഖ.കെ.കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 19-10-2023 | 28-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-10-2023 | 28-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1.ശ്രീ.അബ്ദുൽ ഗഫൂർ സി,ഓഡിറ്റ് ഓഫീസർ

2.ശ്രീ.സന്തോഷ് പി ടി,അസി.ഓഡിറ്റ് ഓഫീസർ

3.ശ്രീ. മുഹമ്മദ് സിയാദ് പി.പി, അസി. ഓഡിറ്റ് ഓഫീസർ

4.ശ്രീമതി.വിനീത പി.പി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ജസീന മജീദ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. സുശീല ഇ | സെക്രട്ടറി | 01-04-2022 | 01-10-2022 |
| ശ്രീ. നീരജ് കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-10-2022 | 18-10-2022 |
| ശ്രീ. പ്രേമരാജൻ ഒ കെ | സെക്രട്ടറി | 19-10-2022 | 08-01-2023 |
| ശ്രീമതി. റോസി സി | സെക്രട്ടറി | 09-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. നീരജ് കെ | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. അബ്ദുസ്സലാം ആലങ്ങാടൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ബിന്ദു ബാലകൃഷ്ണപിള്ള | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. ഷമീർ കെ.പി | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി)) | 01-04-2022 | 31-03-2023 |
| ഡോ. സീമ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. വന്ദന ബി.ജെ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 13-06-2022 |
| ഡോ. നഷീദ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 14-06-2022 | 31-03-2023 |
| ശ്രീമതി. റാണി കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. സുബിൻ എം ആന്റെണി | വി ഇ ഒ (ചേങ്ങോട്ടൂർ സർക്കിൾ) | 01-04-2022 | 25-05-2022 |
| ശ്രീ. സുജിത്ത് | വി.ഇ.ഒ (ചേങ്ങോട്ടൂർ സർക്കിൾ) | 26-08-2022 | 31-03-2023 |
| ശ്രീ. സുരേന്ദ്രൻ. കെ.ടി | വി.ഇ.ഒ (പൊന്മള സർക്കിൾ) | 01-04-2022 | 24-08-2022 |
| ശ്രീ. ശ്രീരാജ് | വി.ഇ.ഒ (പൊന്മള സർക്കിൾ) | 25-08-2022 | 31-03-2023 |
| ശ്രീ. ശ്രീരാജ് | വി.ഇ.ഒ ഇൻചാർജ് (ചേങ്ങോട്ടൂർ സർക്കിൾ) | 26-05-2022 | 25-08-2022 |
| ശ്രീമതി. ലീന ജോർജ് | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീമതി. ആതിര നാരായണൻ | അസിസ്റ്റന്റ് എഞ്ചിനീയർ (എംപ്ലോയ്മെന്റ്)) | 01-04-2022 | 02-06-2022 |
| ശ്രീമതി. ലക്ഷ്മി ഒ | അസിസ്റ്റന്റ് എഞ്ചിനീയർ | 03-06-2022 | 22-08-2022 |
| ശ്രീ.ബാബു പി ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 23-08-2022 | 06-09-2022 |

| | | | |
|---|---|---|---|
| ശ്രീ. ബിനീഷ് | അസിസ്റ്റന്റ് എഞ്ചിനീയർ | 07-09-2022 | 31-03-2023 |
| ശ്രീമതി. ഗ്രേസി കെ.സി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. അബ്ദുൾ ഷുക്കൂർ എം ടി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ബാങ്ക് റീകൺസിലിയേഷന് പത്രിക സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. | 1-1-3 |
| 5 | ട്രയൽ ബാലൻസിൽ തുകകൾ തെറ്റായി രേഖപ്പെടുത്തി | 1-1-4 |
| 6 | B4 ഷെഡ്യൂളിലെ ഗ്രാന്റിനങ്ങളുടെ പ്രത്യേക ACR സൂക്ഷിച്ചിട്ടില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 10 | എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിലെ ചെലവിനങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-4-1 |
| 11 | ഗ്രാന്റ് ഇനങ്ങളിലെ ചെലവ് ACR,AFS എന്നിവ പൊരുത്തപ്പെടുന്നില്ല | 1-4-2 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പെൻഷൻ | 1-7 |
| 15 | ക്യാഷ് വെരിഫിക്കേഷൻ. | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | തനത് വരുമാനം സംബന്ധിച്ച അവലോകനം. | 1-11 |
| 19 | നിക്ഷേപ പ്രവൃത്തികൾ– അവലോകനം | 1-12 |
| 20 | ഹരിത കർമ്മസേന:അപാകതകൾ | 1-13 |
| 21 | ഹോമിയോ മരുന്ന് ലഭ്യമായില്ല | 1-14 |
| 22 | വാഹന ഉപയോഗം സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. | 1-15 |
| 23 | ബയോ ബിൻ വിതരണം:അപാകതകൾ | 1-16 |
| 24 | മരാമത്ത് പ്രവൃത്തികൾ വൈകി പൂർത്തീകരിച്ചത്.പിഴ ഈടാക്കിയില്ല | 1-17 |
| 25 | പൊളിച്ചെടുത്ത ഓട് ,മരം എന്നിവ ലേലം -ചെയ്തില്ല | 1-18 |
| 26 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ– അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-19 |
| 27 | ആസ്തി രജിസ്റ്റർ കാലികമാക്കൽ–നിയമപരമായ നികുതി അടവാക്കേണ്ടതാണ്. | 1-20 |
| 28 | ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ് | 1-21 |
| 29 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു. | 1-22 |
| 30 | ലൈബ്രറി സെസ്സ് അടവാക്കൽ കൈപ്പറ്റ് രശീതി ഹാജരാക്കേണ്ടതാണ്. | 1-23 |
| 31 | അലോപ്പതി:മുഴുവൻ മരുന്നുകളും ലഭ്യമായില്ല | 1-24 |
| 32 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടേണ്ടതാണ്. | 1-25 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| | --- No Records Found --- | |
| | ഭാഗം 4 | |
| 1 | വാർഷിക കണക്ക് ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നിൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ തിരിച്ചടവിന്റെ വിവരം | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**I)** കേരള പഞ്ചായത്ത് രാജ് ആക്ട് **1994** ലെ സെക്ഷൻ **215(4)** പ്രകാരം**,** കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ് )ചട്ടങ്ങൾ **2011, KSAD** ഓഡിറ്റ് മാന്വൽ ചാപ്റ്റർ **4.2.1 & 11.3,** സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ**,** മറ്റു ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് പൊന്മള ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ **05-08-2023** ലെ **2(1)** തീരുമാന പ്രകാരം തയ്യാറാക്കി **05-08-2023** തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള പൊന്മള ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് **2023** ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് **&** പെയ്മെന്റ് സ്റ്റേറ്റ്മെന്റ് **,** ഇൻകം**&** എക്സ്പെൻറീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2023** തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്**.** ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്**.** ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം**.**

**Ii)C&AG** ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും **C&AG** നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്**.** സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു**.** സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു**.** ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു**.** എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു**.**

**iii)** എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും **,** അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും**,** അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു**.**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, പൊന്മള ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : മലപ്പുറം

തീയതി: 05-12-2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 21474838/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (-) 11007839/-രൂപയുമാണ്. എന്നാൽ ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ബാങ്ക് റീകൺസിലിയേഷന് പത്രിക സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ബാങ്ക് റീകൺസിലിയേഷൻ പത്രിക എല്ലാ മാസവും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

### 1-1-4 ട്രയൽ ബാലൻസിൽ തുകകൾ തെറ്റായി രേഖപ്പെടുത്തി

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B1 പ്രകാരം 310900101 – Excess Of Income Over Expenditure ശീർഷകത്തിൽ നീക്കീയിരുപ്പ് ₹ 27977589 ആണ്. ഇത് തൻവർഷ ട്രയൽ ബാലൻസിൽ 310900101 – Excess Of Income Over Expenditure ശീർഷകത്തിലെ നീക്കിയിരുപ്പുമായി ( ₹12289116 ) പൊരുത്തപ്പെടുന്നില്ല. 2021-22 വർഷത്തെ ട്രയൽ ബാലൻസിലെ 310900101 – Excess Of Income Over Expenditure ശീർഷകത്തിലെ നീക്കിയിരുപ്പുമായി ( ₹7265560 )രൂപയും , എന്നാൽ 2022-23 വർഷത്തിലെ ട്രയൽ ബാലൻസിലെ മുന്നിരിപ്പ് 12289116 രൂപയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വ്യത്യാസം വിശദമാക്കേണ്ടതാണ്.

## 1-1-5 B4 ഷെഡ്യൂളിലെ ഗ്രാന്റിനങ്ങളുടെ പ്രത്യേക ACR സൂക്ഷിച്ചിട്ടില്ല

താഴെ ചേർത്ത ഗ്രാന്റിനങ്ങളുടെ പ്രത്യേക ACR സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B4 ഷെഡ്യൂളുമായി ഒത്തുനോക്കാൻ കഴിഞ്ഞിട്ടില്ല.

| ഗ്രാന്റിനം | 31-03-2023 ലെ നീക്കിയിരിപ്പ് തുക (134) |
|---|---|
| Total Sanitation Campaign | 1126503 |
| Vimukthi Grant | 38313 |
| ICDS | 5257283 |
| Grant From Suchitwa Mission | 1102843 |
| Grant From Other Government Agencies | 488328 |

## 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത് ) തീരുമാന നമ്പർ./തിയ്യതി |
|---|---|
| തീരുമാനം നം-1(1) തീയതി-19.03.2022 | തീരുമാനം നം-1(1) തീയതി-22-3-2023 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 53408566 |
| വരവ് | 198263399 |
| ആകെ | 251671966 |

| | |
|---|---|
| ചെലവ് | 155862672 |
| നീക്കിയിരിപ്പ് | 42400727 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 21506000 | 21506000 | 20222081 | 1283919 |
| വികസന ഫണ്ട് (എസ്.സി.പി) | - | 2737910 | 2737910 | 2737910 | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | 17521000 | 17521000 | 11943447 | 5577553 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | - | 5690000 | 5690000 | 4849853 | 840147 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | | 10134518 | 10134518 | 3264284 | 6870234 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | | 5030504 | 5030504 | 5015119 | 15385 |

## 1-4-1 എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിലെ ചെലവിനങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | Grant Statement | ACR |
|---|---|---|
| MG(Road) | 11721467 | 11943447 |
| MG(Non- Road) | 4794899 | 4849853 |

## 1-4-2 ഗ്രാന്റ് ഇനങ്ങളിലെ ചെലവ് ACR,AFS എന്നിവ പൊരുത്തപ്പെടുന്നില്ല

ചുവടെ ചേർത്ത ഗ്രാന്റ് ഇനങ്ങളിലെ ചെലവ് ACR,AFS എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഗ്രാന്റ് ഇനം | ACR പ്രകാരം | AFS പ്രകാരം(I6+B3) | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| MG(Road) | 11943447 | 11721467 | 221980 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 236 | 109430255 | 149 | 61284541 | 6 | 81 | 63% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1604 | 576524 | 578128 | - | 578128 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 12428015 | 12428015 | 12428015 | - |

## 1-7 ക്ഷേമ പെൻഷൻ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 |
| കർഷകതൊഴിലാളി വേതനം | 1337100 | 2 |
| വിധവാപെൻഷൻ | 16142100 | 38 |
| വാർദ്ധക്യകാലപെൻഷൻ | 27792500 | 126 |
| വികലാംഗ പെൻഷൻ | 5797400 | 14 |
| വിവാഹ ധനസഹായം | 150000 | 5 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള സഹായം | 587200 | 2 |
| ആകെ | 51807020 | |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.10.2023 ന് 3.05 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 100175/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1 . വി ഇ ഒ, ഹെഡ്മിസ്ട്രസ്, അസി.സെക്രട്ടറി എന്നീ നിർവ്വഹണോദ്യോഗസ്ഥർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
2. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24/08/2022, 25/08/2022 | 2021-22 | 24.10.2022 |

| | | | |
|---|---|---|---|
| എ.ജി ഓഡിറ്റ് | 06/09/2016 | 2015-16 | 28.10.2016 |

## 1-11 തനത് വരുമാനം സംബന്ധിച്ച അവലോകനം.

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

**1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.**

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ്, ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന വിധത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ഉയർന്ന് വന്നിട്ടില്ല. നികുതി പിരിവിന്റെ പുരോഗതി വിവരം, പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് വർഷത്തിൽ 20 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ മുന്നോട്ട് വെച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വരവ് ചെലവ് കണക്കുകൾ വിശകലനം ചെയ്യുന്നുണ്ടെങ്കിലും, മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും ചർച്ച ചെയ്യപ്പെടുന്നില്ല.

2). **ബജറ്റ്**

ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വരവ് - ചെലവ് കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്ന പ്രകാരമാണ് പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

| ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | ലഭ്യമായ വരവ് | വ്യത്യാസം |
|---|---|---|---|
| Property Tax | 60,00,000 | 5671324 | 328676 |
| Profession Tax | 1500000 | 1465830 | 34170 |
| Licence Fees | 3,00,000 | 2,20,000 | 80000 |
| Building Permit | 4,00,000 | 151945 | 248055 |

**3)വസ്തുനികുതി.**

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും

നിരക്കുകളും കാണിച്ച കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ച കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക വിജ്ഞാപനം) 12.05.2023 ലെ പഞ്ചായത്ത് ഭരണസമിതി യോഗം 1/1 നമ്പർ തീരുമാന പ്രകാരം പരസ്യപ്പെടുത്തിയിട്ടുണ്ട്.

3). മേഖലകൾ പുതുക്കി നിശ്ചയിക്കൽ സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ച കൊണ്ടുമുള്ള നോട്ടീസ് (കരട്) 12.05.2023 ലെ പഞ്ചായത്ത് ഭരണസമിതി യോഗം 2/2 നമ്പർ തീരുമാന പ്രകാരം 12.05.2023 ന് പരസ്യപ്പെടുത്തിയിട്ടുണ്ട്. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല.

4). വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് പഞ്ചായത്ത് സമിതി യോഗം 2/3 നമ്പർ തീരുമാന പ്രകാരം 12.05.2023 ന് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

5). മേഖലകളുടെ തരം തിരിവും അതിർത്തികളും സംബന്ധിച്ച അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് 26.07.2023 ലെ 1/1 നമ്പർ തീരുമാന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

6). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ നികുതി നിർണയത്തിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ ഉപയോഗ ക്രമത്തിലുള്ള മാറ്റങ്ങൾ എന്നിവ സംബന്ധിച്ച് 690 അപേക്ഷകൾ കെട്ടിട ഉടമകൾ പഞ്ചായത്ത് ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട് .നാളിതു വരെയും അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്.ഫീൽഡ് പരിശോധന നടത്തി വിവരങ്ങൾ സഞ്ചയസോഫ്റ്റ് വെയറിൽ ചേർക്കുന്നതിന് മതിയായ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ച വരികയും ചെയ്യുന്നുണ്ട്

**4)സേവന ഉപനികുതി**

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലൂടെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കേണ്ടതാണ്.

**5)കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള സർവ്വീസ് ചാർജ്.**

ഗ്രാമപഞ്ചായത്തിൽ കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളില്ല.

**6)തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള

കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് / വ്യാപാര സ്ഥാപനങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച ട്രേഡേഴ്സ് ലിസ്റ്റ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം പഞ്ചായത്തിലെ റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കിയിട്ടില്ല.

3. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോട്ടം അല്ലെങ്കിൽ കൈവശക്കാരനോട്ടം മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

**7)ലൈസൻസ് ഫീസ്.**

2022-23 സാമ്പത്തിക വർഷത്തിൽ 383 സ്ഥാപനങ്ങളിൽ നിന്നായി 2,20,000/- രൂപയാണ് ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചില്ലാത്തതിനാൽ പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. ലൈസൻസ് ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക പൂർണ്ണമായും പിരിച്ചെടുക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**8)സിനിമാ തിയേറ്ററുകളിൽ നിന്നുള്ള നികുതി വരവ്.**

ഗ്രാമപഞ്ചായത്തിൽ സിനിമാ തിയേറ്ററുകൾ പ്രവർത്തിക്കുന്നില്ല.
(ഓഡിറ്റ് എൻക്വയറി നമ്പർ. 1/19-10-2023)

## 1-12 നിക്ഷേപ പ്രവൃത്തികൾ- അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/മൂല്യനിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22 വരെ) പൊന്മള ഗ്രാമ പഞ്ചായത്തിൽ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ഡിപ്പോസിറ്റ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമനമ്പർ | പ്രൊജെക്ട് നമ്പർ | സാമ്പത്തിക വർഷം | ഏജൻസി | മുൻകൂർ നൽകിയ തുക | ഫണ്ട് ഇനം | ചെലവഴിച്ച തുക/ വിനിയോഗ സാക്ഷ്യപത്രം, മൂല്യനിർണ്ണയ പ്രകാരം | ചെലവഴിക്കുവാൻക്കുവാൻ അവശേഷിക്കുന്ന / ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| 1 | 253/ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 2016-17 | കെ എസ് ഇ ബി | 651654 | വികസന ഫണ്ട് സിഎഫ് സി | 388644 | 263010 |

മേൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 2/19.10.23)

## 1-13 ഹരിത കർമ്മസേന:അപാകതകൾ

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് രൂപീകരിച്ച നൂതന സംരംഭമാണ് ഹരിത കർമ്മസേന. ഹരിത കേരള മിഷൻ, ദാരിദ്ര്യ നിർമ്മാർജ്ജനവും, സ്ത്രീ ശാക്തീകരണവും മുഖ്യ വിഷയമായി ഏറ്റെടുത്തു പ്രവർത്തിക്കുന്ന കുടുംബശ്രീ മിഷൻ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ നിർമ്മിക്കുന്നതിന് സഹായകമാവുന്ന തൊഴിലുറപ്പ് മിഷൻ, കേരള സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ്, എന്നിവയുടെ സംയോജിത സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഹരിത കർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം. 2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ നടപടി ക്രമത്തിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗ നിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും 12.08.2020 ലെ സ.ഉ (സാധാ) നം.1496/2020 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ആയത് അംഗീകരിച്ച് ഉത്തരവായിട്ടുമുണ്ട്.

ഓഡിറ്റ് വർഷത്തിൽ (2022-23) ഹരിത കർമ്മസേനക്ക് വേണ്ടി താഴെ പറയും പ്രകാരമുള്ള പ്രൊജക്ടുകൾ പ്രകാരം 7,93,718 രൂപ വകയിരുത്തിയിരുന്നു എങ്കിലും തൻവർഷം ഈയിനങ്ങളിൽ ഒന്നും തന്നെ യാതൊരു ചെലവും നടന്നിട്ടില്ല.

| **ക്രമ നമ്പർ** | **പ്രോജക്ട് നമ്പർ, പേര്,** | **അടങ്കൽ തുക/ ഫണ്ടിനം** | **ചെലവഴിച്ച തുക** |
|---|---|---|---|
| 1 | 173/23 ഹരിത സഹായ സ്ഥാപനത്തിന് വിഹിതം നൽകൽ | 150000 CFC | 0 |
| 2 | 216/23 ഹരിത കർമ സേനയ്ക്ക് വാഹന സൗകര്യം ഒരുക്കൽ | 150000 Own Fund | 0 |
| 3 | 217/23 ഹരിത കർമ സേന പ്രവർത്തനം അനുബന്ധ ചിലവുകൾ | 98518 CFC | 0 |
| 4 | 76/23 ഹരിത കർമ്മ സേന പ്രവർത്തനം -അനുബന്ധ ചെലവുകൾ | 95200 CFC | 0 |
| 5 | 200/23 ഹരിത കർമ്മ സേന പ്രവർത്തനം-തരം തിരിച്ച അജൈവ മാലിന്യം നിർമ്മാർജ്ജനം | 300000 CFC | 0 |
| ആകെ | | **7,93,718** | **0** |

പൊന്മള ഗ്രാമപഞ്ചായത്തിൽ 11.3.2020 നാണ് ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചത്. 18 വാർഡുകളുള്ളതിൽ തുടക്കത്തിൽ 36 ഉം നിലവിൽ 19 ഉം അംഗങ്ങൾ ഹരിതകർമസേനയിൽ പ്രവർത്തിയ്ക്കുന്നുണ്ട്. അംഗങ്ങളുടെ പ്രവർത്തനം മുഴുവൻ വാർഡുകളിലും നടന്നു വരുന്നുണ്ട്. ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി കോട്ടക്കൽ കോ ഓപ്പറേറ്റീവ് അർബൺ ബാങ്ക് ചാപ്പനങ്ങാടി ശാഖയിൽ 200511101000152 നമ്പറിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പാസ് ബുക്ക്, ക്യാഷ് ബുക്ക് പ്രകാരം 31.3.2023 ന് 34,371 രൂപയാണ് നീക്കിയിരിപ്പ്. (6.10.23 ലെ നീക്കിയിരിപ്പ് 1,18,063).

ഓഡിറ്റിനു ലഭ്യമാക്കിയ രേഖകൾ പ്രകാരം 2022-23 വർഷത്തിൽ ഹരിത കർമ്മസേനയുടെ വരവ് ചെലവ് കണക്കുകൾ

താഴെ കൊടുക്കുന്നു.

| വരവ് | | | | ചെലവ് | |
|---|---|---|---|---|---|
| മാസം | യൂസർ ഫീ | സ്ക്രാപ്പ് വില്പന | ഖരമാലിന്യം | സാലറി | റിമാർക്സ് |
| 4/2022 | 30350 | 0 | 0 | 0 | |
| 5/2022 | 500 | 13716 | 1738.770 കി. | 0 | |
| 6/2022 | 5850 | 0 | 0 | 0 | |
| 7/2022 | 800 | 32181 | 0 | 0 | |
| 8/2022 | 22750 | 8741 | 0 | 13,000 | 13x1000 ഓണം അലവൻസ് |
| 9/2022 | 18750 | 3048 | 4836.5കി. | 0 | |
| 10/2022 | 19700 | 3766 | 0 | 21420 | 315x68 |
| 11/2022 | 15450 | 0 | 0 | 24885 | 315x79(മാർച്ച് 22&ഒക്ടോബർ 22 ശമ്പളം ഒരുമിച്ച് ) |
| 12/2022 | 50900 | 17486 | 7470 കി. | 58853 | 229x257(10322-ഇൻഷൂറൻസ്) |
| 1/2023 | 70450 | 18109 | 0 | 90662 | 317x286 |
| 2/2023 | 93250 | 0 | 0 | 91200 | 304x300 |
| 3/2023 | 31600 | 11775 | 0 | 56175 | 210x267.5 |
| | **3,60,350** | **1,08,822** | **14045.27** | **3,56,195** | |

ഹരിത കർമ്മസേനയുടെ പ്രവർത്തനം പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) മാലിന്യ ശേഖരണ/സംസ്കരണ സംവിധാനം എന്ന നിലയിൽ ഗ്രാമപഞ്ചായത്തിന് സ്വന്തമായ ഒരു എം സി എഫ് കെട്ടിടം നിലവിൽ ഉണ്ടെങ്കിലും ആയതിൽ മതിയായ ഓഫീസ് സൗകര്യങ്ങളോ ഫർണിച്ചറോ ലഭ്യമല്ല. ആയതിനാൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കാനും ജീവനക്കാരുടെ ദൈനം ദിന പ്രവർത്തികൾക്കും പരിമിതികൾ നേരിടുന്നു. കുടിവെള്ളത്തിന് സമീപ പ്രദേശത്തെ സ്വകാര്യ വീടിനെയാണ് നിലവിൽ ആശ്രയിച്ച് വരുന്നത്.

2)12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ പ്രകാരം അജൈവ പാഴ് വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണം വേണം) തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ 1000 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണമുള്ള എം.സി.എഫുകളും നിർമ്മിക്കുകയോ വാടകക്ക് ഏർപ്പെടുത്തിയിരിക്കുകയോ വേണം. എന്നാൽ മിനി എം.സി.എഫുകൾ നാളിതുവരെ സ്ഥാപിച്ചിട്ടില്ല.

3) ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി സ്വന്തമായി വാഹനം നിലവിലില്ല. വാടക വാഹനത്തിനുള്ള

ചെലവു വകയിരുത്തിയിട്ടുണ്ട് എങ്കിലും വാടകക്കെടുത്ത വാഹന ഉടമക്ക് തൻവർഷം തുക നല്കിയതിന്റെ വിവരങ്ങളോ ഡ്രൈവറെ നിയമിച്ചതിന്റെയും കരാർ ചമച്ചതിന്റെയും വിശദാംശങ്ങളോ ലഭ്യമാക്കിയിട്ടില്ല.

4) ഹരിത കർമ്മസേനക്ക് ഇലക്ട്രിക്കൽ വാഹനം വാങ്ങാൻ നിലവിൽ അനുമതിയുള്ളതാണ് . MCF സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ സാഹചര്യം പരിഗണിച്ച് ഇലക്ട്രിക്കൽ വാഹനം പ്രായോഗികമല്ലാത്ത സാഹചര്യത്തിൽ പ്രത്യേക അനുമതി വാങ്ങി പെട്രോൾ-ഡീസൽ വാഹനങ്ങളും വാങ്ങാവുന്നതാണ്. G.O.(Rt)No.2159/2022/LSGD Dtd.02-09-2022 ഉത്തരവ് പ്രകാരം മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾക്ക് 3 Wheeler Electric ഓട്ടോറിക്ഷകളും അനുബന്ധ വാഹനങ്ങളായ പിക്കപ്പ് വാൻ, ഡെലിവറി വാൻ തുടങ്ങിയ വാഹനങ്ങളും ടെണ്ടർ നടപടികൾ കൂടാതെ കേരള ഓട്ടോമൊബൈൽ ലിമിറ്റഡ് (KAL) ൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

5) മാലിന്യസംസ്കരണം തുടർച്ചയായി ചെയ്ത് വരേണ്ട പ്രവൃത്തിയും പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ പെട്ടതുമാണ്. 12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ പ്രകാരം മാലിന്യ ശേഖരണത്തിന് നിശ്ചിത വലുപ്പത്തിലുള്ള സഞ്ചി/ ചാക്ക് ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണെന്ന് നിർദ്ദേശമുള്ളതാണെങ്കിലും പ്രോജക്റ്റ് തയ്യാറാക്കി ചാക്ക് /സഞ്ചി വാങ്ങി നൽകാൻ നടപടി സ്വീകരിച്ചിട്ടില്ല. ആയത് പൊതു ജന സഹകരണത്തിനു വിഘാതം സൃഷ്ടിക്കുന്ന ഒരു ഘടകമാണ്. കൂടാതെ കർമസേനാംഗങ്ങൾക്ക് യൂണിഫോം, തൊഴിലുപകരണങ്ങൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താനും നടപടി സ്വീകരിച്ചിട്ടില്ല.

6) ഓഡിറ്റിനു ലഭ്യമാക്കിയ രേഖകൾ പ്രകാരം തൻവർഷം ഖരമാലിന്യം ഇനത്തിൽ 14045.27 Kg കൈമാറിയിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് വർഷത്തെ ചെലവു വിവരങ്ങളും ആർക്കൊക്കെ എത്ര അളവിൽ നല്കിയെന്നത് സംബന്ധിച്ച വിശദാംശവും ലഭ്യമായിട്ടില്ല.

7) മാർഗ്ഗരേഖ, ഖ. 1.5 പ്രകാരം ഹരിത കർമ്മസേനയുടെ സാമ്പത്തിക സ്രോതസ്സ് എങ്ങിനെയായിരിക്കണം എന്ന് വിശദീകരിച്ചിട്ടുണ്ട്. നിലവിൽ യൂസർ ഫീയും, മാലിന്യങ്ങൾ ക്ലീൻ കേരളക്ക് വിൽക്കുമ്പോൾ ലഭിക്കുന്ന തുകയുമാണ് വരുമാനം. മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരമുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഹരിത കർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടില്ല. മാലിന്യ സംസ്കരണം എന്നതിലുപരി ഇതിനെ ഒരു സംരംഭമായി വളർത്തിയും മാന്യമായ തൊഴിൽ മേഖലയാക്കി മാറ്റുന്നതിനും സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പരിഗണിച്ച് ഉചിതമായ നടപടി ഉറപ്പ് വരുത്തേണ്ടതുണ്ട്. GO(RT)No.789/2023/LSGD Dtd.31.3.23 പ്രകാരം 1.4.2023 പ്രാബല്യത്തിൽ ഹരിതകർമസേനക്ക് യൂസർ ഫീ നൽകാത്തവരിൽ നിന്നും യൂസർ ഫീ കുടിശ്ശിക വരുത്തിയവരിൽ നിന്നും പ്രസ്തുത തുക വസ്തു നികുതി കുടിശ്ശികയായി ഈടാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ആയത് നടപ്പിൽ വരുത്തിയ ഭരണ സമിതി തീരുമാനം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

8)ഹരിത കർമ്മസേനാംഗങ്ങളുടെ ഹാജർ ചാർജ്ജ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.

9)കാഷ് ബുക്ക് പരിപാലിക്കുന്നുണ്ട് എങ്കിലും മാസാന്ത്യ, വർഷാന്ത്യ സംക്ഷിപ്തം തയാറാക്കുകയോ ചാർജ്ജ് ഓഫീസർ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

10)ഹരിത കൺസോർഷ്യത്തിന്റെ ഇടക്കാല ഓഡിറ്റും വാർഷിക ഓഡിറ്റും കാസ് മുഖേന നടത്തേണ്ടതാണെന്ന് കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23-04-18 -ലെ 10394-D-2017/KSHOനമ്പർ ഉത്തരവിൽ വ്യക്തമാക്കിയതാണെങ്കിലും ഒരു തവണ നടത്തിയതായി ബന്ധപ്പെട്ട കർമ സേനാ അംഗങ്ങൾ അറിയിച്ചെങ്കിലും ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമല്ല.

11. നിലവിൽ റിജക്റ്റഡ് വേസ്റ്റ് ക്ലീൻ കേരള കമ്പനിക്ക് നല്കുന്നതായാണ് ലഭ്യമായിട്ടുള്ള വിവരം. റിജക്റ്റഡ് വേസ്റ്റ് കൊണ്ടുപോവുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചാൽ പഞ്ചായത്തിന് തനത് വരുമാനത്തിൽ നിന്നുമുള്ള ഭീമമായ നഷ്ടം കുറക്കാൻ സാധിക്കുന്നതാണ്.

അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കേണ്ടതും ഇക്കാര്യത്തിലെ പുരോഗതി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി നം.17/27.10.23)

## 1-14 ഹോമിയോ മരുന്ന് ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണോദ്യാഗസ്ഥനായി നടപ്പിലാക്കിയ "ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ (പ്രൊജക്റ്റ് നം.55/23)" എന്ന പദ്ധതിയുടെ ഭാഗമായി 2,50,000 രൂപ (ബിൽ നം.22150152032800730857/4.112022) മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡിൽ നിന്ന് പിൻവലിച്ച് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, ആലപ്പുഴ എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട് (Invoice No. PF-652/25.10.2022). എന്നാൽ മരുന്ന് ലഭ്യമായതിന്റെ വിവരങ്ങളോ ആയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിശദാംശമോ ഓഡിറ്റിനു ഹാജരാക്കിയ ഫയലുകളിൽ ലഭ്യമല്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതും മരുന്ന് ലഭ്യമായിട്ടില്ലെങ്കിൽ ആയത് ലഭ്യമാക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം അറിയിക്കേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/20.10.2023നു ലഭ്യമാക്കിയ മറുപടിയിൽ തുടർ നടപടി സ്വീകരിച്ചു വരുന്നതായും ലഭ്യമാകുന്ന മുറക്ക് അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പുരോഗതി

നിരീക്ഷിക്കുന്നതാണ്. ലഭ്യമായാൽ സ്റ്റോക്കിലെടുത്ത് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15 വാഹന ഉപയോഗം സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

വാഹന ഉപയോഗം സംബന്ധിച്ച് സ.ഉ(എംഎസ്) നം 170/ 07 തസ്വഭവ തി. 30.6.07 പ്രകാരം മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ കെഎൽ 55 ജി 6666 നമ്പർ ബൊലെറോ വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച് താഴെ പറയുന്ന രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

I)റിപ്പയർ രജിസ്റ്റർ

Ii)ഇന്ധന ഓർഡർ ബുക്ക്

Iii)സ്റ്റോക്ക് രജിസ്റ്റർ

Iv)ഫ്യൂൽ രജിസ്റ്റർ

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 14/ 26.10.23 പ്രകാരം എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. മേൽ രജിസ്റ്ററുകൾ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-16 ബയോ ബിൻ വിതരണം:അപാകതകൾ

| | |
|---|---|
| **പദ്ധതിയുടെ പേര്** | ബയോ ബിൻ വിതരണം |
| **പ്രൊജക്റ്റ് നം.** | 308/23 |
| **നിർവഹണം** | വി.ഇ.ഒ |
| **അടങ്കൽ** | 498960 |
| **ചെലവ്** | 255960 |
| **വൗച്ചർ/ചെക്ക് നം./തിയതി** | A)230364 XVFC/22-23/P/111/31.3.23<br>B)25596/-(ഗുണഭോക്തൃ വിഹിതം 162x158)<br>ചെക്ക് നം. 02013/31.3.23 |
| **ഫണ്ട്** | സി എഫ് സി |

വി.ഇ.ഒ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയുടെ ഭാഗമായി റെയ്ഡ്കോ കേരള ലിമിറ്റഡ്, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും ബിൻ ഒന്നിനു 1580 രൂപ നിരക്കിൽ 2,55,960 രൂപ ചെലവഴിച്ച് 162 ബയോ ബിന്നുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിനു ഹാജറാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെ കാണുന്ന അപാകതകൾ ഉണ്ട്.

1.ബയോബിന്നുകൾ വാങ്ങിയതിന്റെ ഇൻവോയ്സ് ലഭ്യമാക്കുകയോ സ്റ്റോക്ക് രജിസ്റ്റർ ഹാജറാക്കുകയോ ചെയ്തിട്ടില്ല.

2. ബയോബിന്നുകൾ വിതരണം ചെയ്ത രേഖകൾ,കൈപറ്റ് രസീതി, ഗുണഭോക്തൃ ലിസ്റ്റ് തുടങ്ങിയവ ഹാജറാക്കിയിട്ടില്ല.

3.വിവിധ പദ്ധതികളുടെ വരവു ചെലവു വിവരം, ഫണ്ട് ഉറവിടം, ബിൽ/വൗച്ചർ നം./തിയതി തുടങ്ങിയവ രേഖപ്പെടുത്തുന്ന നിർദിഷ്ട ഫോർമാറ്റിലുള്ള പ്രൊജക്റ്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

4.പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഇല്ല.

അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് ഓഡിറ്റ് എൻക്വയറി നം. 16/26.10.23 നല്കിയതിനെ തുടർന്ന് ഇൻവോയ്സ്,ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ലഭ്യമാക്കിയെങ്കിലും ശേഷിക്കുന്ന അപാകതകൾ പരിഹരിച്ചതിന്റെ രേഖകളുടെ അഭാവത്തിൽ 2,55,960 രൂപ തടസത്തിൽ വെക്കുന്നു.

## 1-17 മരാമത്ത് പ്രവൃത്തികൾ വൈകി പൂർത്തീകരിച്ചത്.പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 പ്രകാരം നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തികളുടെ കരാറുകാരുമായി ചമച്ച കരാറുകളിലെ വ്യവസ്ഥ അനുസരിച്ച്, കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ ആദ്യത്തെ 3 മാസത്തിന് 1% നിരക്കിലും പിന്നീടുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കണം. എന്നാൽ ഇത്തരത്തിൽ പിഴ ഈടാക്കാതെയാണ് താഴെ പറയുന്ന പ്രവൃത്തിയിൽ കരാറുകാരന് പേയ്മെന്റ് അനുവദിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി (TS സ്ലിപ് പ്രകാരം) | പൂർത്തീകരിച്ചത് | പിഴ |
|---|---|---|---|---|---|
| 1 | കല്ലുപറമ്പ് ഹസ്സൻപാറ അരികുത്തിമല റോഡ് നവീകരണം (143/23) അടങ്കൽ 600000 മെയിന്റനൻസ് ഗ്രാന്റ് -റോഡ് ചെലവ് - 586113 - (വൗച്ചർ നം 57/ Dt.-15.3.2023 PAC- 535452 മൂല്യ നിർണ്ണയം - 496706.3 അളവ് പുസ്തകം 84/22-23 കരാറുകാരൻ - അബ്ദുൾ റംഷീഖ് കരാർ 3/ AE/LID&EW /PMLA/23 | - | 6.12.2022 (6 മാസം) | 22.2.2023 | **4,641/-** (6.12.2022 മുതൽ 22.2.2023 വരെ 5355x78/90=4641) |

| | | | | | |
|---|---|---|---|---|---|
| | Dt.7.6.2022 | | | | |
| 2 | അരീക്കാട്ടുകുളമ്പ് റോഡ് ഡ്രൈനേജ് നിർമ്മാണം (114/23) അടങ്കൽ 200000 ധനകാര്യകമ്മീഷൻ ഗ്രാന്റ് - ചെലവ് - 199250 (വൗച്ചർ നം 55/ Dt.-15.3.2023 PAC- 177901 മൂല്യ നിർണ്ണയം - 177901 അളവ് പുസ്തകം 92/22-23 കരാറുകാരൻ - റിയാസ് ബാബു കരാർ 30/ AE/LID&EW /PMLA/21-22 Dt.10.2..2022 | - | 9.8.22 വരെ (6 മാസം) | 25.1.23 | **4757** 10.8.22 മുതൽ 9.11.22 വരെ -1779 10.11.22 മുതൽ 25.1.23 വരെ 3558x77/92=2978 |
| 3 | ചോലകുളമ്പ് കിണർ നിർമ്മാണം (146/23) അടങ്കൽ 200000 ധനകാര്യകമ്മീഷൻ | - | 1.10.22 വരെ (6 മാസം) | 19.3.23 | **4842/-** (2.10.22 മുതൽ 1.1.23വരെ -1786 2.1.23 മുതൽ 19.3.23 വരെ 3572x77/90=3056) |

| | | | | | | |
|---|---|---|---|---|---|---|
| | ഗ്രാന്റ് -<br>ചെലവ് - 130433<br>(വൗച്ചർ നം<br>81/ Dt.-30.3.2023<br>PAC- 178568<br>മൂല്യ നിർണ്ണയം -<br>110536<br>അളവ് പുസ്തകം<br>76/22-23<br>കരാറുകാരൻ -<br>മുഹമ്മദ് ഷരീഫ്<br>കരാർ 01/<br>AE/LID&EW<br>/PMLA/22-23<br>Dt.2.4.22 | | | | | |
| 4 | മുട്ടിപ്പാലം ജി.യു.പി<br>സ്കൂൾ നിർമ്മാണം<br>(76/23)<br>അടങ്കൽ 100000<br>തനത് ഫണ്ട്<br>ചെലവ് - 99622<br>(വൗച്ചർ നം<br>76/ Dt.-27.3.2023<br>PAC- 88948<br>മൂല്യ നിർണ്ണയം -<br>88948<br>അളവ് പുസ്തകം<br>97/22-23<br>കരാറുകാരൻ - | - | 11.10.22 വരെ<br>(6 മാസം) | 15.2.23 | **1,580/-**<br>12.10.22 മുതൽ 11.1.23<br>വരെ -889<br>12.1.23 മുതൽ 15.2.23<br>വരെ<br>1778x35/90=691 | |

| | | | | | |
|---|---|---|---|---|---|
| | മുഹമ്മദ് കെ.എം<br>കരാർ 02/<br>AE/LID&EW<br>/PMLA/22-23<br>Dt.12.4.22 | | | | |
| 5 | ജുമാമസ്ജിദ്<br>കാനക്കയിൽ<br>റോഡ് (105/23)<br>അടങ്കൽ 200000<br>തനത് ഫണ്ട്<br>ചെലവ് - 199245<br>(വൗച്ചർ നം<br>46/ Dt.-30.1.2023<br>PAC- 177896<br>മൂല്യ നിർണ്ണയം -<br>177896<br>അളവ് പുസ്തകം<br>91/22-23<br>കരാറുകാരൻ -<br>റിയാസ് ബാബു<br>കരാർ 57/<br>AE/LID&EW<br>/PMLA/21-22<br>Dt.30.3.22 | - | 29.9.22 വരെ<br>(6 മാസം) | 14.12.22 | **1,497/-**<br>30.9.22 മുതൽ<br>14.12.22 വരെ -<br>1779x76/92=1497 |
| 6 | മനഴി വളയം കുന്ന്<br>റോഡ് ഡ്രൈനേജ്<br>നിർമ്മാണം<br>(124/23)<br>അടങ്കൽ 250000 | - | 30.9.22 വരെ<br>(6 മാസം) | 17.3.23 | **5,980/-**<br>(1.10.22 മുതൽ<br>31.12.23വരെ -2224<br>1.1.23 മുതൽ 17.3.23<br>വരെ |

| | | | | | | |
|---|---|---|---|---|---|---|
| | മെയിന്റനൻസ്<br>ഗ്രാന്റ് -റോഡ്<br>ചെലവ് - 228175<br>(വൗച്ചർ നം<br>73/ Dt.-27.3.2023<br>PAC- 222424<br>മൂല്യ നിർണ്ണയം -<br>193368<br>അളവ് പുസ്തകം<br>90/22-23<br>കരാറുകാരൻ –<br>അസ്സൻകുട്ടി<br>കരാർ 70/<br>AE/LID&EW<br>/PMLA/21.22<br>Dt.31.3.22 | | | | 4448x76/90=3756) |
| 7 | പൊന്മള ഫത് വ<br>റോഡ്<br>പുനരുദ്ധാരണം<br>(121/23)<br>അടങ്കൽ 350000<br>മെയിന്റനൻസ്<br>ഗ്രാന്റ് -റോഡ്<br>ചെലവ് - 349417<br>(വൗച്ചർ നം<br>88/ Dt.-31.3.2023<br>PAC- 311979<br>മൂല്യ നിർണ്ണയം -<br>311248 | - | 29.9.22 വരെ<br>(6 മാസം) | 28.3.23 | **8953/-**<br>(30.9.22 മുതൽ<br>29.12.23 വരെ -3120<br>30.1.23 മുതൽ<br>28.3.23 വരെ<br>6240x86/92=5833 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | അളവ് പുസ്തകം<br>122/22-23<br>കരാറുകാരൻ -<br>റിയാസ് ബാബു<br>കരാർ 58/<br>AE/LID&EW<br>/PMLA/21.22<br>Dt.30.3.22 | | | | | |
| | 8 | കുന്നംകുട്ടി<br>മൂച്ചികുളമ്പ്<br>ഡ്രൈനേജ്<br>നിർമ്മാണം<br>(135/23)<br>അടങ്കൽ 489500<br>ധനകാര്യകമ്മീഷൻ<br>ഗ്രാന്റ് ഗ്രാന്റ്<br>-റോഡ്<br>ചെലവ് - 352585<br>(വൗച്ചർ നം<br>80/ Dt.-29.3.2023<br>PAC- 436494<br>മൂല്യ നിർണ്ണയം -<br>352585<br>അളവ് പുസ്തകം<br>80/22-23<br>കരാറുകാരൻ-<br>റിയാസ്ബാബു<br>കരാർ 81/<br>AE/LID&EW<br>/PMLA/21.22 | - | 30.6.22 വരെ<br>(3 മാസം) | 21.3.23 | **17848**<br>1.7.22 മുതൽ 31.10.22<br>വരെ -4365<br>1.11.22 മുതൽ 31.1.23<br>വരെ<br>8730<br>1.2.23 മുതൽ 21.3.23<br>വരെ<br>8730x49/90=4753 | |

| | | | | | |
|---|---|---|---|---|---|
| | Dt.31.3.22 | | | | |
| | | | | ആകെ | 50,098 |

പിഴ ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.8/25.10.23) നൽകിയതിന് മറുപടി നൽകിയില്ല. പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-18 പൊളിച്ചെടുത്ത ഓട് ,മരം എന്നിവ ലേലം -ചെയ്തില്ല

പ്രൊജക്ട് നം. 131/23 പ്രകാരം വെറ്റിനറി സബ് സെന്റർ മണ്ണഴിയുടെ നിലവിലുള്ള ഓടിട്ട കെട്ടിടത്തിന്റെ ഓട് മാറ്റി ഷീറ്റ് ആക്കിയിട്ടുണ്ട്.എം ബുക്ക് പ്രകാരം 62.40 M2 ഓട് പൊളിച്ചെടുത്തതായും (എക്സ്ട്രാ ഇനം.1)155 മീറ്റർ മരം പൊളിച്ചെടുത്തതായും (ഇനം.1) രേഖപ്പെടുത്തിയിട്ടുണ്ട്.(എം ബുക്ക് നം.81/22-23) മേൽ മരം,ഓട് എന്നിവ സബ് സെന്ററിന്റെ കോമ്പൗണ്ടിൽ കൂട്ടിയിട്ടതായി സ്ഥല പരിശോധനയിൽ വ്യക്തമായി.ലേലം ചെയ്യാൻ എടുത്ത നടപടി സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (19/27.10.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.പൊളിച്ചെടുത്ത സാധനങ്ങൾ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-19 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ- അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

പൊന്മള ഗ്രാമ പഞ്ചായത്ത് കോമ്പൗണ്ടിലാണ് ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിക്കുന്നത്. റീഹാബിലിറ്റേഷൻ സെന്ററിനു സമീപമായി ഫിസിയോതെറപ്പി സെന്ററും പ്രവർത്തിക്കുന്നുണ്ട്. റീഹാബിലിറ്റേഷൻ സെന്ററിൽ ഒരു ടീച്ചറും ഒരു ആയയും, ഫിസിയോതെറപ്പി സെന്ററിൽ ഒരു ഫിസിയോ തെറപ്പിസ്റ്റും ഒരു സ്പീച്ച് തെറപ്പിസ്റ്റും ആണ് നിലവിൽ ജോലി ചെയ്തു വരുന്നത് .30 കുട്ടികളാണ് റീഹാബിലിറ്റേഷൻ സെന്ററിൽ സ്ഥിരമായി വരുന്നത്. സ്പീച്ച് തെറാപ്പിയിൽ 11 കുട്ടികളാണ് ചികിത്സയ്ക്കായി വരുന്നത്. ഫിസിയോതെറപ്പി സെന്ററിൽ പുറത്തുനിന്നും കുട്ടികൾ വരുന്നുണ്ട്. 29.7.2009 ലെ ജി ഒ(എംഎസ്)നമ്പർ 148/2009/തസ്വഭവ,6.4.2013 ലെ ജി.ഒ(എംഎസ്) നമ്പർ 144/2013 തസ്വഭവ ഉത്തരവുകളിലെ നിബന്ധനകൾ പാലിച്ചാണ് ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിക്കേണ്ടത്. ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ സന്ദർശിക്കുകയും ബന്ധപ്പെട്ട ഫയലുകൾ പരിശോധിക്കുകയും ചെയ്തതിൽ താഴെ പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടു.

**എ) ഫിസിയോതെറപ്പി ഉപകരണങ്ങൾ വാങ്ങിയതിലെ അപാകതകൾ**

ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിൽ 2022-23 വർഷത്തിൽ പ്രൊജക്ട് നമ്പർ 64/23 പ്രകാരം അസി.സെക്രട്ടറി നിർവഹണ ഉദ്യാഗസ്ഥനായി സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും 6,50,000 രൂപ ചെലവഴിച്ച് GeM പോർട്ടലിലൂടെ "എത്തീരിയൽ കാർബൺ പ്രൈവറ്റ് ലിമിറ്റഡ്" മൂവാറ്റുപുഴ എന്ന സ്ഥാപനത്തിൽ നിന്നും ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ EC/0922/001 തി.19.9.22. ചെക്ക് നമ്പർ 019137/17.10.22). ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ഗുഡ്സ് ആന്റ് സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.7.18 ലെ ജിഎസ് ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 1.10.18 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങൾക്കും സേവനങ്ങൾക്കും മൂല്യം നികുതി ഒഴികെ 2,50,000 രൂപയ്ക്ക് മുകളിലാണെങ്കിൽ 2% ടി ഡി എസ് പിടിക്കേണ്ടതാണ്. ടിഡിഎസ് ഈടാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2) താഴെ പറയുന്ന ഉപകരണങ്ങൾ ലഭ്യമായിട്ടില്ല.

| ഉപകരണത്തിന്റെ പേര് | എണ്ണം | വില |
|---|---|---|
| DUMBELLS HEX(PER KG) | 1 | 354 |
| THERAPY PUTTY | 1 | 1180 |
| ആകെ | | 1534 |

3) താഴെ പറയുന്ന ഉപകരണം നാളിതുവരെ പ്രവർത്തിപ്പിച്ചിട്ടില്ല. വാറണ്ടി സർവീസ് കാലയളവിൽ പോലും ഉപകരണം പ്രവർത്തന ക്ഷമമല്ലാഞ്ഞിട്ടും തുടർ നടപടി ഒന്നും സ്വീകരിച്ചതായും കാണുന്നില്ല.

| ഉപകരണത്തിന്റെ പേര് | എണ്ണം | വില |
|---|---|---|
| SMART BOARD | 1 | 47,880 |

ഓഡിറ്റ് എൻക്വയറി നല്കിയതിനെ തുടർന്ന് മേൽ ഉപകരണം നിലവിൽ പ്രവർത്തനക്ഷമമാക്കിയതായി ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചു.

4)ഉപകരണങ്ങളിൽ യഥാവിധി നമ്പർ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5)വാങ്ങിയ സാധനങ്ങൾ രേഖാമൂലം കൈമാറുകയോ കൈപറ്റ് രസീതി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

6)ഫിസിയോ തെറാപ്പി സെന്ററിൽ ലഭ്യമായ സാധങ്ങൾ സ്റ്റോക്കിലെടുക്കുകയോ, നിലവിലുള്ള ഇനങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുകയോ ചെയ്യുന്നില്ല.

7)പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

**ബി)ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിൽ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം.**

ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിൽ 26.10.23 ന് ഭൗതിക പരിശോധന നടത്തിയതിൽ താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു.

A)സ്ഥാപനത്തിന്റെ അംഗീകാരം സംബന്ധിച്ച രേഖകൾ ഓഡിറ്റിനു ഹാജരാക്കിയില്ല.

B) മലപ്പുറം കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ 25.9.2019 ലെ 3252/A2/18/KSMPM നമ്പർ ഉത്തരവ് പ്രകാരം ബഡ്സ് സ്ഥാപനങ്ങൾക്കായി കുടുംബശ്രീ മിഷൻ അനുവദിച്ച 12,50,000 രൂപ പഞ്ചായത്തിന്റെ ടിഎസ്ബി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. മേൽ തുകയിൽ 1,11,672 രൂപ മുൻവർഷങ്ങളിൽ ചെലവഴിച്ചിട്ടുണ്ട്. കുടുബശ്രീ മിഷൻ അനുവദിച്ച തുകയിൽ നിന്നും പ്രൊജക്ട് നം. 64/23 പ്രകാരം 7,00,000 രൂപ ഉപകരണങ്ങൾ വാങ്ങുവാൻ വകയിരുത്തുകയും, 6,50,000 രൂപക്ക് ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 4,88,328 (12,50,000- 7,61,672 ) രൂപ അക്കൗണ്ടിൽ നിലവിലുണ്ട്. ആയത് നാളിതു വരെ വിനിയോഗിച്ചിട്ടില്ല.

C) ഫിസിയോതെറാപ്പി സെന്ററിലെ ബാത്ത്റൂമിൽ ആയത് ഉപയോഗിക്കുവാൻ പറ്റാത്ത തരത്തിൽ പുറമെ നിന്നുള്ള ഉപകരണങ്ങളും മറ്റും കൂട്ടിയിട്ടിരിക്കുകയാണ്. പ്ലമ്പിങ്ങ് ഉൾപ്പെടെയുള്ള പ്രവർത്തികൾ പൂർത്തീകരിക്കുകയോ ജല സൗകര്യം ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഭിന്ന ശേഷിക്കാരായ വിദ്യാർഥികൾക്ക് കൂടി പ്രാഥമിക കൃത്യങ്ങൾ നിർവഹിക്കാവുന്ന വിധത്തിൽ സൗകര്യങ്ങൾ ഒരുക്കുവാൻ യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

D) ഫിസിയോ തെറാപ്പി സെന്ററിൽ ആവശ്യമായ റാമ്പ് സൗകര്യം ഏർപ്പെടുത്താത്തതിനാൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്ഥാപനത്തിൽ വരാനും പോകാനും പ്രയാസം അനുഭവപ്പെടുന്നുണ്ട്. നിലവിൽ പല കുട്ടികളെയും സമീപത്തുള്ള പൊതു നിരത്തിലൂടെ വീൽ ചെയറിലാണ് സെന്ററിൽ എത്തിക്കുന്നതെന്ന ജീവനക്കാരും രക്ഷിതാക്കളും പരിശോധനാ വേളയിൽ ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. ഫിസിയോ തെറാപ്പി സെന്ററിനു പിറകിലൂടെ റാമ്പ് സൗകര്യം ഏർപ്പെടുത്താമോ എന്നതുൾപ്പെടെയുള്ള സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

E) സ.ഉ (കൈ) നമ്പർ 115/2022 തസ്വഭവ തി.28.5.22 മാർഗ്ഗരേഖ ഖ 7.19(3) പ്രകാരം ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്. എന്നാൽ നിലവിലും വാഹന സൗകര്യം സെന്ററിൽ ഏർപ്പെടുത്തിയിട്ടില്ല. സ്വകാര്യ വാഹനങ്ങളെ ആശ്രയിച്ചും രക്ഷിതാക്കൾ സ്വന്തം ഉത്തരവാദിത്തത്തിലുമാണ് നിലവിൽ കുട്ടികളെ സ്ഥാപനത്തിൽ എത്തിക്കുന്നത്.

F) ഫിസിയോ തെറാപ്പി സെന്ററിൽ മതിയായ സൗകര്യങ്ങളും ഫർണിച്ചറുകളും ലഭ്യമല്ല. ആയതിനാൽ രേഖകളും രജിസ്റ്ററുകളും ഉപകരണങ്ങളും സൂക്ഷിക്കാൻ പരിമിതികൾ നേരിടുന്നുണ്ട്. തെറപ്പിക്കു എത്തുന്ന കുട്ടികൾക്ക് അനുയോജ്യമായ ഇരിപ്പിട സൗകര്യങ്ങൾ പോലും നിലവിൽ ലഭ്യമല്ലാത്തതിനാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാനാവശ്യപ്പെട്ട് കൊണ്ടുള്ള അപേക്ഷ ആവശ്യമായ ഉപകരണങ്ങളുടെ ലിസ്റ്റ് സഹിതം പഞ്ചായത്തിൽ സമർപ്പിച്ചതായും ആയതിന്മേൽ നടപടി സ്വീകരിച്ചിട്ടില്ലെന്നും നിലവിൽ ചുമതലയുള്ള അധ്യാപികയിൽ നിന്നും വിവരം ലഭ്യമായി.

G) ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിനു സമീപമായി പാഴ് വസ്തുക്കളും ശരീരത്തിൽ മുറിവേല്ക്കാനിടയുള്ള പഴയകിയതും ദ്രവിച്ചതുമായ ട്രാക്ടറിന്റെയും മറ്റു യന്ത്രങ്ങളുടെയും അവശിഷ്ടങ്ങളും ചില്ലുകളും അപകടകരമായേക്കാവുന്ന രീതിയിൽ കൂട്ടിയിട്ടതായി കാണപ്പെട്ടു. ആയത് നീക്കം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 18/27.10.23 ന നൽകിയ വിശദീകരണത്തിൽ അക്കൗണ്ടിൽ ശേഷിക്കുന്ന തുക ഉപയോഗിച്ച് ഓട്ടിസം സെന്റർ ആരംഭിക്കുന്നതിനായി സെൻസറി റൂം നിർമാണത്തിന് പദ്ധതി ആവിഷ്കരിച്ചതായും മറ്റു അപാകതകൾ പരിഹരിക്കുന്നതാണെന്നും മറുപടി നല്കി.

ശേഷിക്കുന്ന അപാകതകൾ പരിഹരിക്കാനും, ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിനു അംഗീകാരം ലഭിക്കാനും, അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും നിലവിലെ ശോചനീയാവസ്ഥ പരിഹരിക്കാനും ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതും പുരോഗതി വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.


27/10/2023




മലപ്പുറം ബ്ലോക്ക
പൊന്മള ഗ്രാമ പഞ്ചായത്ത്
ഫിസിയോതെറാപ്പി സെന്റർ
ചാപ്പനങ്ങാടി



## 1-20 ആസ്തി രജിസ്റ്റർ കാലികമാക്കൽ-നിയമപരമായ നികുതി അടവാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| വർഷം | 2022-23 |
| പ്രൊജെക്റ്റ് നമ്പർ/ തിയതി | 67/ ആസ്തി രജിസ്റ്റർ കാലികമാക്കൽ SO |
| അടങ്കൽ | 3,00,000 തനത് ഫണ്ട് |
| ചെലവ് | 2,98,500 |
| നിർവഹണം | സെക്രട്ടറി |

ഗ്രാമ പഞ്ചായത്തിലെ റോഡുകൾ, തോടുകൾ, കുളങ്ങൾ, കിണറുകൾ, നടപ്പാതകൾ, കെട്ടിടങ്ങൾ, ഡ്രൈനേജ് എന്നിവയുടെ നിലവിലെ സ്ഥിതി പരിശാധിച്ച് കാലികമാക്കുന്നതിനായി ടെണ്ടർ നടപടിയിലൂടെ ആൻസിയൻ ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് കാക്കഞ്ചേരി എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും മേൽ സ്ഥാപനത്തിന് 2,98,500 രൂപ നൽകുകയും ചെയ്തിട്ടുണ്ട്.

മേൽ പ്രൊജെക്റ്റിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ഗുഡ്സ് ആന്റ് സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.7.18 ലെ ജിഎസ് ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 1.10.18 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങൾക്കും സേവനങ്ങൾക്കും നികുതി ഒഴികെ മൂല്യം 2,50,000 രൂപയ്ക്ക് മുകളിലാണെങ്കിൽ 2% ടി ഡിഎസ് പിടിക്കേണ്ടതാണ്. ടിഡിഎസ് ഈടാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2) 2% ഇൻകം ടാക്സ് ഈടാക്കിയിട്ടില്ല.

3) പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ഇത് സംബന്ധിച്ച് നമ്പർ 10/26.10.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയോടൊപ്പം മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കി. ഇ.എം.ഡി. , സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയുടെ തുക റീ ഫണ്ട് ചെയ്യുമ്പോൾ പ്രസ്തുത തുകയിൽ നിന്ന് ഐ.ടി, ടി.ഡി.എസ്. എന്നിവ ഈടാക്കി അടവാക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്. തുക അടവാക്കിയതിന്റെ രശീതി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-21 ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി, ഒരു പ്രമേയം മൂലം മറ്റു ഫണ്ടുകളിൽ നിന്നും വേറിട്ടു നിൽക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി ഒരു മെമ്പർ എന്നിവരടങ്ങുന്ന ഒരു

സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിര ധനസഹായം നൽകുവാൻ ചട്ടം വ്യവസ്ഥ ചെയ്യുന്നു. പൊന്മള ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നമ്പർ 5/25.10.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ദുരിതാശ്വാസനിധി രൂപീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-22 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.

| പ്രൊജെക്റ്റ് നമ്പർ/ പേര്/ഫണ്ട് | അടവാക്കിയ തുക | ബിൽ /വൗച്ചർ നമ്പർ/ തിയതി | റിമാർക്സ് |
|---|---|---|---|
| 69/ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ കെട്ടിട നിർമ്മാണം വിഹിതം നൽകൽSO<br>തനത് ഫണ്ട് | 2,65,000 | 22200229<br>തി. 12.8.22<br>ചെക്ക് നമ്പർ<br>2125991<br>തി. 12.8.22 | ഡിഡിപിയിൽ അടവാക്കിയത് |

ഇതു സംബന്ധിച്ച് നമ്പർ 7/25.10.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്.ചെലവ് തുക 2,65,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-23 ലൈബ്രറി സെസ്സ് അടവാക്കൽ കൈപ്പറ്റ് രശീതി ഹാജരാക്കേണ്ടതാണ്.

2021-22 രണ്ടാം അർദ്ധവർഷത്തിൽ പിരിച്ചെടുത്ത ലൈബ്രറി സെസ് തുക 2,31,802 കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടവാക്കിയിട്ടുണ്ട്. (തനത് ഫണ്ട് വൗച്ചർ നമ്പർ 22200070/ 18.5.2022). മേൽ തുക അടവാക്കിയതിന്റെ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ നിന്നുള്ള കൈപ്പറ്റ് രശീതി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 9/ 26.10.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. കൈപ്പറ്റ് രശീതി ഹാജരാക്കുന്നതുവരെ ചെലവ് തുക 2,31,802 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24 അലോപ്പതി:മുഴുവൻ മരുന്നുകളും ലഭ്യമായില്ല

അലോപ്പതി മെഡിക്കൽ ഓഫീസർ (FHC) നിർവഹണം നടത്തിയ പരിരക്ഷ പദ്ധതിയിൽ മരുന്നുകൾ വാങ്ങുന്നതിനായി താഴെ കാണും പ്രകാരം തുക KMSCL ന് നല്കിയെങ്കിലും ഓഡിറ്റിനു ഹാജരാക്കിയ ഫയലുകൾ പരിശോധിച്ചതിൽ താഴെ കാണും പ്രകാരം മരുന്നുകൾ നിലവിലും ലഭ്യമാകാനവശേഷിക്കുന്നു.

| പ്രൊജക്ട് പേര്, നമ്പർ | മരുന്നിനായി നല്കിയ തുക | ഫണ്ട് | ബിൽ റെഫ.നം./തി. | ലഭ്യമായ മരുന്നിന്റെ മൂല്യം | ശേഷിക്കുന്നത് |
|---|---|---|---|---|---|
| പരിരക്ഷ പദ്ധതി 60/23 | 2,17,500 | വികസന ഫണ്ട് പൊതുവിഭാഗം | 22150152032600911793/15.12.22 | 1,75,202 | 42,298 |
| | 47,585 | വികസന ഫണ്ട് പൊതുവിഭാഗം | 2215035203601571747/31.3.23 | 1,954 | 45,631 |
| **ആകെ** | **2,65,085** | | | **1,77,156** | **87,929** |

ശേഷിക്കുന്ന **87,929** രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുള്ള പക്ഷം ആയതിന്റെയും, അല്ലാത്ത പക്ഷം ലഭ്യമാകാൻ സ്വീകരിച്ച നടപടി സംബന്ധിച്ചുമുള്ള വിവരം അറിയിക്കേണ്ടതാണെന്നറിയിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/25.10.2023 നു മറുപടി ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി മരുന്നുകളുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-25 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടേണ്ടതാണ്.

26.5.2022 ലെ അജണ്ട 7 ഗ്രാമ പഞ്ചായത്ത് തീരുമാനം 1 പ്രകാരം കാലഹരണപ്പെട്ട സെക്യൂരിറ്റി തുകകൾ തനത്

ഫണ്ടിലേക്ക് മുതൽ കൂട്ടുവാൻ തീരുമാനിച്ചിട്ടുണ്ട്.ബാലൻസ് ഷീറ്റ് ബി 7 പ്രകാരം 5,36,374 രൂപ ഡെപ്പോസിറ്റ് ആയി കാണിച്ചിട്ടുണ്ട്.ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ B-7 ഷെഡ്യൂളിൽ ഉൾപ്പെട്ടതായി കാണുന്നു. ആയതിൽ മേൽ തീരുമാന പ്രകാരമുള്ള ഡെപ്പോസിറ്റുകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് 15/26.10.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മറുപടി ലഭ്യമാക്കിയില്ല.ഗ്രാമ പഞ്ചായത്ത് തീരുമാനം നടപ്പിലാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്ക് ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നിൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 110000 | പച്ചക്കറി കൃഷി വികസന പദ്ധതി (പ്രോജക്ട് നം-205) | 110000 | 0 |
| | 325000 | നെൽകൃഷി വികസന പദ്ധതി(പ്രോജക്ട് നം-192) | 325000 | 0 |
| | 160000 | ലൈഫ് മിഷൻ-ഭൂമിയുള്ള ഭവനരഹിതകർക്ക് വീട് ജനറൽ (പ്രോജക്ട് നം-184) | 160000 | 0 |
| | 738000 | ലൈഫ് മിഷൻ-ഭൂമിയുള്ള ഭവനരഹിതകർക്ക് വീട് എസ്.സി (പ്രോജക്ട് നം-185) | 738000 | 0 |
| | 1090890 | ശാരീരിക മാനസിക | 1090890 | 0 |

| | | | | |
|---|---|---|---|---|
| | | വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ(പ്രോജക്ട് നം-175) | | |
| | 250000 | പള്ളിപ്പടി മണ്ണഴി റോഡ് ഡ്രൈനേജ് നിർമ്മാണം(പ്രോജക്ട് നം-134) | 250000 | 0 |
| | 416696 | ക്ഷീരകർഷകർക്ക് പാലിന് സബ് സീഡി(പ്രോജക്ട് നം-313) | 416696 | 0 |
| | 30000 | ജനകീയ ഹോട്ടൽ (പ്രോജക്ട് നം-172) | 30000 | 0 |
| ജില്ലാ പഞ്ചായത്ത് | 363630 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ(പ്രോജക്ട് നം-175) | 363630 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| GWD | പറങ്കിമൂച്ചിക്കൽ ജി എൽ പി സ്കൂൾ കുടിവള്ള സൌകര്യം ഒരുക്കൽ | 12-03/06 /2022(68467/-)<br>193-29/12/2022-(122663/-)<br>194-29/12 /2022(27337/-) | 218467 | 218467 | പൂർത്തീകരിച്ച | 0 |
| KSEB | ഇലക്ട്രിക്ക് പോസ്റ്റ് സ്ഥാപിക്കൽ | 273/23-01 /03/2023(186122/-)<br>367/23-28 /03/2023(32135/-)<br>371/23-29 /03/2023(17585/-) | 235842 | 235842 | ഭാഗികമായി പൂർത്തീകരിച്ച | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ തിരിച്ചടവിന്റെ വിവരം

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2021-22 | Enquiry No.1-7/1/2023 | 21150 | AE LSGD PONMALA | 1220204266, 12-01-2023 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2001-02 | 17 | 2004-05 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി യുടെ നടപടി തുടരുന്നു |
| 2014-15 | 2(1) | 2016-17 | വസ്തു നികുതി ഈടാക്കുന്നത് | നടപടി തുടരുന്നു |
| | 2(3) | | വസ്തു നികുതി ഈടാക്കുന്നത് | നടപടി തുടരുന്നു |
| | 2(4) | | തൊഴിൽ നികുതി ഈടാക്കുന്നത് | നടപടി തുടരുന്നു |
| | 2(5) | | തൊഴിൽ നികുതി ഈടാക്കുന്നത് | നടപടി തുടരുന്നു |
| | 2(6) | | തൊഴിൽ നികുതി ഈടാക്കുന്നത് | നടപടി തുടരുന്നു |
| 2015-16 | 2(3) | 2016-17 | തൊഴിൽ നികുതി ഈടാക്കുന്നത് | നടപടി തുടരുന്നു |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ. സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 198263399 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 155862672 |
| വരവിനങ്ങളുടെ നഷ്ടം | 0 |
| ചെലവിനങ്ങളുടെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 752762 |

**ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 265000 | ശ്രീമതി. സുശീല , സെക്രട്ടറി |
| 1-23 | 231802 | ശ്രീമതി. സുശീല , സെക്രട്ടറി |
| 1-16 | 255960 | ശ്രീ. സുജിത്ത് , വി ഇ ഒ |

| | 752762 | |
|---|---|---|

സി) കേന്ദ്ര-സംസ്ഥാന സർക്കാറുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/നഷ്ടത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസം

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1983-84 | എൽഎഫ്എം10/36/88 തിയ്യതി07.10.2010 | 3 |
| 1987-88,1988-89 | എൽ എഫ് എം10/1448/95 തിയ്യതി07.10.2010 | 5 |
| 1997-98 | കെ എസ് എ എം പി എം 16/93/2022(5)തിയ്യതി 28.11.2022 | 8 |
| 1998-99 | കെ എസ് എ എം പി എം 16/93/2022(6)തിയ്യതി 28.11.2022 | 28 |
| 1999-00 | കെ എസ് എ എം പി എം 16/93/2022(7)തിയ്യതി 28.11.2022 | 41 |
| 2000-01(ചെലവ്) | കെ എസ് എ എം പി എം 16/93/2022(8)തിയ്യതി 28.11.2022 | 28 |
| 2001-02 | കെ എസ് എ എം പി എം 16/93/2022(9)തിയ്യതി 28.11.2022 | 3 |
| 2002-03 | കെ എസ് എ എം പി എം 16/93/2022(10)തിയ്യതി28.11.2022 | 7 |
| 2003-04 | കെ എസ് എ എം പി എം 16/93/2022(11)തിയ്യതി 28.11.2022 | 9 |
| 2004-05 | കെ എസ് എ എം പി എം 16/93/2022(12)തിയ്യതി 28.11.2022 | 7 |
| 2006-07 | കെ എസ് എ എം പി എം 16/93/2022(14)തിയ്യതി 28.11.2022 | 4 |
| 2007-08 | കെ എസ് എ എം പി എം 16/93/2022(15)തിയ്യതി 28.11.2022 | 4 |
| 2008-09 | കെ എസ് എ എം പി എം 16/93/2022(16)തിയ്യതി 28.11.2022 | 12 |
| 2009-10, 2010-11 | കെ എസ് എ എം പി എം 16/93/2022(17)തിയ്യതി 28.11.2022 | 10 |
| 2011-12, 2012-13 | കെ എസ് എ എം പി എം 16/93/2022(18)തിയ്യതി 28.11.2022 | 2 |
| 2013-14, 2014-15 | കെ എസ് എ എം പി എം 16/93/2022(19)തിയ്യതി 28.11.2022 | 5 |
| 2015-16 | കെ എസ് എ എം പി എം/26/3272/16തിയ്യതി17.02.2018 | 21 |
| 2016-17 | കെ എസ് എ എം പി എം 16/1738/17തിയ്യതി 07.05.2018 | 9 |
| 2017-18 | കെ എസ് എ എം പി എം 16/2611/18തിയ്യതി 29.11.2018 | 13 |
| 2018-19 | കെ എസ് എ എം പി എം 16/207/2020തിയതി 09-03-2020 | 23 |
| 2019-20 | കെ എസ് എ എം പി എം 16/2615/2022തിയതി 21.11.2022 | 04 |
| 2020-21 | കെ എസ് എ എം പി എം 16/1194/2022തിയതി 20.12.2022 | 05 |
| 2021-22 | കെ എസ് എ എം പി എം 16/59/2023 തിയതി 13.07.2023 | 2 |

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 05-08-2023 and submitted on 05-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Ponmala Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Ponmala Grama Panchayat for the year 2022-2023

**Date: 05/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Ponmala Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit.
    1. Ratios.
    2. Comparative amounts.
2. Cashflow Statement Net increase / decrease in cashflow does not match with the difference between the opening balance and closing balance
   of cash and cash equivalents.
   3. Bank Reconciliation Statement is not maintained every month attested.

4.Expenditure in ACR (Maintenance Grant- Road, Non Road)does not match with grant statement

5. Expenditure in ACR and AFS does not match each other ( Maintenance Grant- Road)

6.Excess of Income over expenditure in balance sheet(B1 Schedule) do not agree with the closing balance of trial balance.

7. A separate ACR of the following Grant has not been maintained and could not be compared with Schedule B4.

| Fund | Amount |
|---|---|
| Total Sanitation campaign | 1126503 |
| Vimukthi Grant | 38313 |
| ICDS | 5257283 |
| Grant from Suchithwa Mission | 1102843 |
| Grant from other Govt. agencies | 488328 |

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പൊൻമള ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്